## എം. എ. ജോണിന് എതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച കമ്മീഷന്റെ

# റിപ്പോർട്ട്

1976 ഒക്ടോബർ 3-ാം തീയതി
കോൺ. പരിവർത്തനവാദികളുടെ നിർവ്വാഹകസമിതി,
പ്രസിഡണ്ട് എസ്. കെ. മാധവന്റെ അദ്ധ്യക്ഷതയിൽ
യോഗം ചേർന്ന് അംഗീകരിച്ച രൂപത്തിൽ
പ്രസിദ്ധപ്പെടുത്തുന്നത്.

കോൺഗ്രസ്സ് പരിവർത്തനവാദികളുടെ മുൻപ്രസിഡൻറ് എം. എ. ജോണിനു് എതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ 1976 ഫെബ്രുവരി 29നു് ആണ് മൂന്നംഗകമ്മീഷനെ നിർവാഹക സമിതി നിയോഗിച്ചതു്. "ജനുവരി 31, ഫെബ്രുവരി 1 എന്നീ തീയതികളിൽ നടന്ന നിർവാഹക സമിതി യോഗത്തിൽ ടി. ഡി. ജോർജ്ജ് അക്കമിട്ട് ഉന്നയിച്ച ആരോപണങ്ങൾ അടക്കം എം. എ. ജോണിനു എതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളെപ്പററി അന്വേഷിക്കുന്നതിനു" വി. രാമചന്ദ്രൻ കൺവീനറും കെ. പി. സുദർശനൻ, കെ. എസ്. ഭാസ്കരൻ എന്നിവർ അംഗങ്ങളുമായി അന്വേഷണകമ്മീഷൻ നിയമിക്കപ്പെട്ടു. (1976 ഫെബ്രുവരി 29നു ചേന്ന നിർവ്വാഹകസമിതി യോഗത്തിൻെറ മിനുട്ട്സ്-പേജ് 136–137)

നിർവ്വാഹക സമിതി യോഗത്തിലും ഫെബ്രുവരി 29നു ചേന്ന ജനറൽ കൗൺസിൽ യോഗത്തിലും എം. എ. ജോണിനു എതിരായി അംഗങ്ങൾ പല ആരോപണങ്ങളും ഉന്നയിച്ചിരുന്നു. ആരോപണങ്ങളിൽ ചിലവ അവ്യക്തവും ചിലവ വ്യക്തവും ആയവയാണെന്നാണ് ആദ്യപരിശോധനയിൽ അന്വേഷണ കമ്മീഷൻ കണ്ടതു്. അതുകൊണ്ടു് നിർവ്വാഹക സമിതി യോഗങ്ങളിലും മററും ഉണ്ടായ ആരോപണങ്ങൾ ക്രോഡീകരിച്ച് അന്വേഷണ കമ്മീഷൻ പരിശോധിക്കേണ്ടതായ പ്രശ്നങ്ങൾക്കു് വ്യക്തമായ രൂപം നൽകിത്തരണമെന്നു് കമ്മീഷൻ നിർവ്വാഹക സമിതിയോടഭ്യർത്ഥിച്ചു ഇതനുസരിച്ച് മാർച്ച് 15നു് ചേന്ന നിർവ്വാഹകസമിതി യോഗം എട്ട് ആരോപണ പ്രശ്നങ്ങളാണ് കമ്മീഷൻ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യണമെന്നു് നിർദ്ദേശിച്ചതു്.

അതു് പ്രകാരം കമ്മീഷൻ അന്വേഷണം നടത്തേണ്ടിയിരുന്ന കാര്യങ്ങൾ ഇവയാണ്.

1) എം. എ. ജോണിൻെറ പേരിൽ മിച്ചഭൂമി ഉണ്ടോ? നിയമത്തെ മറികടന്നു് മിച്ചഭൂമി മറച്ചു് ചെയ്യാനുള്ള ശ്രമത്തിൽ ജോൺ ഏർപ്പെട്ടിട്ടുണ്ടോ? തൻെറ കുടുംബാംഗങ്ങളുടെ മിച്ചഭൂമി മറച്ചുചെയ്യാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിട്ടുണ്ടോ? അവകാശപ്പെട്ട വീതം ഭാഗിച്ചു വാങ്ങിയിട്ടുണ്ടോ?

2) ആദായ നികുതിയോ, കാർഷികാദായ നികുതിയോ കൊടുക്കുവാനുള്ള വരുമാനം എം. എ ജോണിനു് ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇന്നുവരെ ഈ നികുതി കൊടുത്തിട്ടുണ്ടോ?

3) ജോണിൻെറ പേരിൽ ഉള്ളതോ ജോണിനു് അവകാശപ്പെട്ടതോ ആയ ഭൂമിയിൽ പണിയെടുക്കുന്ന കർഷക തൊഴിലാളികൾക്കു് മിനിമം കൂലിയും മററ ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ടോ ?

4) എം. എ. ജോണിൻെറ പേരിൽ എൽ. ഐ. സി. പോളിസി നിലവിലുണ്ടോ? 1969നു് ശേഷം പ്രീമിയം അടച്ചിട്ടില്ലെന്നു് എം. എ. ജോൺ പറഞ്ഞതു് ശരിയാണോ?

5) പാർട്ടിക്കുവേണ്ടി എം. എ. ജോൺ പിരിച്ചുഎന്നു്സ്വയം സമ്മതിച്ച 6,200ക ക്കും അംഗത്വവരിയുടെ വകയിൽ ലഭിച്ച 3693 കക്കും കൃത്യമായ കണക്കു് ബോധിപ്പിച്ചിട്ടുണ്ടോ? ഈ തുകകൾ ദുരുപയോഗപ്പെടുത്തിയിട്ടുണ്ടോ?

6) പരിവത്തനവാദി പ്രവത്തകർക്കും ഭാരവാഹികരംക്കും എതിരായി മനപ്പൂർവ്വം വ്യാജപ്രചാരണം നടത്തിയിട്ടുണ്ടോ?

7) പാർട്ടി അംഗീകരിച്ചിട്ടുള്ള ഉരംപാർട്ടി ജനാധിപത്യം മാനിക്കാതിരിക്കുകയും ഏകാധിപത്യ പ്രവണത പ്രകടമാക്കുന്ന തരത്തിൽ പ്രവത്തിക്കുകയും ചെയ്തിട്ടുണ്ടോ?

8) പരിവത്തനവാദികളുടെ പ്രസിഡണ്ട് ആയിരിക്കേ, പരിവത്തനവാദികരംക്കാകെ യശസ്സിനു് കോട്ടം തട്ടിയേക്കാവുന്നവിധം പ്രവത്തിക്കുകയോ വാത്തകരം പ്രചരിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ?

ഈ ആരോപണ പ്രശ്നങ്ങളെകുറിച്ചു് അന്വേഷിക്കുന്നതിൽ കമ്മീഷനു് മാർഗ്ഗനിർദ്ദേശമായിരുന്നതു് പ്രധാനമായും പാർട്ടി ഭരണഘടനയാണു്. ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ പ്രവത്തകാംഗങ്ങളുടെ നിഷ്ഠകരം എന്തൊക്കെയായിരിക്കണം എന്നു് വ്യക്തമാക്കിയിട്ടുണ്ടു്. അക്കൂട്ടത്തിൽ "ഉരംപാർട്ടി ജനാധിപത്യം അംഗീകരിക്കുകയും മററുള്ളവരുടെ അവകാശങ്ങരം നിഹനിക്കാനോ, സ്വന്തം അവകാശങ്ങരം നിഹനിക്കപ്പെടാനോ അനുവദിക്കാതിരിക്കുകയും ചെയ്യുക" എന്നതു് ഓരോ പ്രവത്തകാംഗവും കർശനമായും പാലിക്കേണ്ടതായ നിഷ്ഠയാണെന്നു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ഇതിനുംപുറമേ കോൺഗ്രസ്സ് പരിവത്തനവാദികരം അംഗീകരിച്ചിട്ടുള്ള വിശാലമായ ജനാധിപത്യ തത്വങ്ങരംക്കു് അനുസൃതമായി, നിലവിലുള്ള ഭരണഘടനയുടെ 12-ാം ഖണ്ഡികയിൽ അംഗങ്ങളുടെ അവകാശങ്ങളെപററിയും എടുത്തു പറഞ്ഞിട്ടുണ്ടു്. "സമിതി യോഗങ്ങളിൽവെച്ചു് സമിതികളെയും ഭാരവാഹികളേയും വസ്തുനിഷ്ഠമായി വിമർശിക്കുക, തനിക്കെതിരായ അച്ചടക്കനടപടികളെപററി ചർച്ചചെയ്യുന്ന സമിതി മുമ്പാകെ സ്വയം ഹാജരായി നടപടിക്കു് വിധേയമാകുന്ന സ്വന്തം പ്രവത്തിക്കു് വിശദീകരണമുണ്ടെങ്കിൽ നൽകുക" എന്നിവ അംഗങ്ങളുടെ അലംഘനീയമായ അവകാശങ്ങളാണെന്നു് ഭരണഘടന പ്രഖ്യാപിക്കുന്നു.

പ്രവത്തകാംഗങ്ങരം പാലിക്കേണ്ടതായ നിഷ്ഠയും അംഗങ്ങരംക്കുള്ള അവകാശങ്ങളും മനസ്സിൽവച്ചുകൊണ്ടാണു് കമ്മീഷൻ അന്വേഷണ നടപടികരം ആരംഭിച്ചതു് ആരോപണ കാര്യങ്ങളുമായി ബന്ധപ്പെട്ട രേഖാമൂലമായ തെളിവുകരം ശേഖരിക്കുകയാണു് കമ്മീഷൻ ആദ്യമേ ചെയ്തതു് മിനുട്ട്സ് പുസ്തകം എം. എ. ജോൺ സ്വന്തം കൈപ്പടയിൽ അയച്ചിട്ടുള്ള കത്തുകളിൽ പ്രസക്തമായവ, മററു പ്രവത്തകർഅയച്ച ചില കത്തുകരം എന്നിവ അക്കൂട്ടത്തിൽപ്പെടുന്നു.

കമ്മീഷൻ നടപടികരം ആരംഭിച്ചശേഷം എം. എ. ജോൺ ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി ചെയ്ത ഒരു പ്രസ്താവന കമ്മീഷൻെറ ശ്രദ്ധയിൽപെടുകയുണ്ടായി. നിർവ്വാഹകസമിതി യോഗവും ഈ പ്രസ്താവന പരിഗണിച്ചു. "എസ്സ്. കെ. മാധവൻ പ്രസിഡണ്ടായി രൂപവൽകൃതമായിട്ടുള്ള പരിവത്തനവാദി സംഘടനയുടെ കേന്ദ്രസമിതിയുമായി തൻെറ നേതൃത്വത്തിലുള്ള പരിവത്തനവാദികരംക്കു് ഒരു ബന്ധവുമില്ലെന്നു് ജോൺ വ്യക്തമാക്കി" എന്നാണു് ജോണിൻെറ ഈ പ്രസ്താവന സംബന്ധിച്ചു് 'മാതൃഭൂമി'യിൽ വന്ന റിപ്പോർട്ടു്

(1976 മാർച്ച് 9) മററു പത്രങ്ങളിലും ഏതാണ്ട് ഇതേ അർത്ഥത്തിൽതന്നെ ജോണിന്റെ പത്രസമ്മേളനം സംബന്ധിച്ച് റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിരുന്നു. എങ്കിലും "അന്വേഷണക്കമ്മീഷനെവെച്ചാൽ പൂർണ്ണമായും സഹകരിക്കാം" എന്നും "പ്രസ്ഥാനം ശക്തിപ്പെടട്ടേ എന്ന് ആഗ്രഹിക്കുന്നു" എന്നും ഫെബ്രുവരി 29-ാംതീയതിലെ ജനറൽ കൗൺസിൽ യോഗത്തിൽ (മിനുട്ട്സ് പുസ്തകം പേജ് 134) എം. എ. ജോൺ പറഞ്ഞിരുന്നതു് കണക്കിലെടുത്തുകൊണ്ടാണ് നിർവ്വാഹക സമിതിയും അന്വേഷണക്കമ്മീഷനും മേൽ നടപടികൾ തുടർന്നതു്.

കമ്മീഷൻ അംഗങ്ങൾ പാർട്ടി പ്രവർത്തകരെ നേരിൽ കണ്ട് ആരോപണ കാര്യങ്ങളെപററി സംസാരിക്കുകയുണ്ടായി. അന്വേഷണക്കമ്മീഷൻ മുമ്പാകെ ഹാജരായി, രേഖാമൂലമോ അല്ലാതെയോ ആരോപണകാര്യങ്ങൾ സംബന്ധിച്ച് ബോധിപ്പിക്കാനുള്ളതു് ബോധിപ്പിക്കണം എന്ന് ആവശ്യപ്പെട്ട് എം. എ. ജോണിന് കമ്മീഷൻ കത്തുകൾ അയക്കുകയും ചെയ്തു. ഏററവും ഒടുവിൽ ആഗസ്റ്റ് 22ന് കമ്മീഷൻ അയച്ച നോട്ടീസ്സ് എം. എ. ജോൺ നിരസിച്ചു.

അന്വേഷണ നടപടികളുമായി എം. എ. ജോൺ സഹകരിക്കുന്നില്ലെന്ന് ഉറപ്പായതോടുകൂടി രേഖാമൂലമുള്ള തെളിവുകളെമാത്രം ആശ്രയിച്ച് നിഗമനങ്ങളിൽ എത്താൻ കമ്മീഷൻ നിർബന്ധിതമായി. പ്രവർത്തകരിൽനിന്നും വാങ്ങ് മൂലം ലഭിച്ച തെളിവുകളെ എതിർ വിസ്താരം ചെയ്യാനും അതുവഴി തന്റെ ഭാഗം സ്ഥാപിക്കണമെന്നുണ്ടെങ്കിൽ അതിനും എം. എ. ജോണിന് അവസരം നൽകണം എന്നാണ് കമ്മീഷൻ ഉദ്ദേശിച്ചിരുന്നതു്. പക്ഷെ, ജോൺ അന്വേഷണവുമായി സഹകരിക്കാത്ത നിലപാട് സ്വീകരിച്ചതുകൊണ്ട്, വാക്കാലുള്ള തെളിവുകളെ എതിർ വിസ്താരംവഴി പരിശോധിക്കാനുള്ള അവസരം സ്വയം ഉപേക്ഷിക്കുകയാണ് ചെയ്തതു്. ഉത്തരവാദപ്പെട്ട പല അംഗങ്ങളും കമ്മീഷന് വാക്കാൽ നൽകിയ തെളിവുകളെ അംഗീകരിക്കുകയാണ്, ഈ സാഹചര്യത്തിൽ കമ്മീഷൻ സാധാരണഗതിയിൽ ചെയ്യുമായിരുന്നതു്. എന്നിരുന്നാലും എതിർ വിസ്താരത്തിലൂടെ പരിശോധിക്കപ്പെടാത്ത മൊഴികളൊന്നും കമ്മീഷന്റെ നിഗമനങ്ങൾക്ക് അടിസ്ഥാനമാക്കാവുന്ന തെളിവുകളായി സ്വീകരിക്കേണ്ടതില്ലെന്നാണ് കമ്മീഷൻ തീരുമാനിച്ചതു്.

കോട്ടയത്തുവെച്ച് ജോൺ നടത്തിയ പത്രസമ്മേളനത്തിന്റെ റിപ്പോർട്ട് ഉൾപ്പെടെ രേഖാമൂലം ലഭിച്ച തെളിവുകൾ മാത്രമേ കമ്മീഷൻ നിഗമനങ്ങൾക്ക് ആധാരമാക്കുന്നുള്ളു. മാത്രമല്ല, ഈ പത്രസമ്മേളനം നടത്തിയ തീയതിക്ക് ശേഷമുള്ള രേഖകളൊന്നുംതന്നെ തെളിവായി സ്വീകരിക്കേണ്ടതില്ലെന്നും കമ്മീഷൻ നിശ്ചയിച്ചു. "എസ്സ്. കെ. മാധവന്റെ നേതൃത്വത്തിലുള്ള കേന്ദ്രസമിതിയുമായി തന്റെ നേതൃത്വത്തിലുള്ള പരിവർത്തനവാദികൾക്ക് ഒരു ബന്ധവുമില്ലെ"ന്ന് ജോൺ പത്രസമ്മേളനത്തിൽ പ്രസ്താവിച്ചതു് പിന്നീടുള്ള തെളിവ് രേഖകളെ സ്വാധീനിച്ചിരിക്കാനിടയുള്ളതുകൊണ്ടാണ് കമ്മീഷൻ ഈ തീരുമാനമെടുത്തതു്.

കമ്മീഷന്റെ പരിശോധനക്ക് സമർപ്പിച്ചിട്ടുള്ള ആദ്യത്തെ ആരോപണ കാര്യം ഇതാണ്. 1) എം. എ. ജോണിന്റെ പേരിൽ മിച്ചഭൂമിയുണ്ടോ? നിയ

മത്തെ മറികടന്ന് മിച്ചഭൂമി മറവ് ചെയ്യാനുള്ള ശ്രമത്തിൽ ജോൺ ഏർപ്പെട്ടിട്ടുണ്ടോ? തന്റെ കുടുംബാംഗങ്ങളുടെ മിച്ചഭൂമി മറവ് ചെയ്യാനുള്ള ശ്രമത്തിൽ ജോൺ ഏർപ്പെട്ടിട്ടുണ്ടോ? അവകാശപ്പെട്ട വീതം ഭാഗിച്ചു വാങ്ങിയിട്ടുണ്ടോ?

പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നവയാണ് ഈ പ്രശ്നങ്ങൾ. വളരെ മുമ്പുതന്നെ പാർട്ടിക്കകത്തും പുറത്തും ഈ പ്രശ്നങ്ങൾ ചർച്ചാവിഷയമായിട്ടുണ്ട് ജോണിന്റെ കുടുംബ സ്വത്തിനെകുറിച്ച് കോട്ടയം ജില്ലയിലെ ഒരു കോൺഗ്രസ്സ് പ്രവർത്തകനും ജോണിന്റെതന്നെ ബന്ധുവുമായ ഒരു കർഷകൻ ഒരു ലഘുലേഖതന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആ സന്ദർഭങ്ങളിലെല്ലാം ഈ പ്രശ്നത്തെക്കുറിച്ച് എം. ഏ. ജോണിനോട് പാർട്ടിയുടെ ഉന്നത സമിതികളിലെ അംഗങ്ങൾ നേരിട്ട് ആരായുകയുണ്ടായി. തന്റെ പേരിൽ നാലിൽ ചില്ലാനം ഏക്കർ ഭൂമി മാത്രമേ ഉള്ളുഎന്നും കുടുംബസ്വത്തുമായി തനിക്ക് ബന്ധമൊന്നുമില്ലെന്നുമാണ് എം. ഏ. ജോൺ തീർത്തുപറഞ്ഞിട്ടുള്ളത് മറവ തെളിവുകൾ ഒന്നും ഇല്ലാതിരുന്ന സ്ഥിതിക്ക് ഈ പ്രശ്നത്തിൽ പാർട്ടിക്കമ്മിററിക്ക് സംശയിക്കേണ്ടതായ ഒരു കാര്യവും ഉണ്ടായിരുന്നില്ല.

എന്നാൽ എം ഏ. ജോണിന്റെയും കുടുംബാംഗങ്ങളുടെയും പേരിലുള്ള ഭൂസ്വത്തിന്റെ സർവ്വേ നമ്പരുകളും വിസ്തീർണ്ണവും വിവരിക്കുന്ന പട്ടിക നിർവ്വാഹക സമിതി യോഗത്തിൽ സമർപ്പിച്ചുകൊണ്ടാണ് 1976 ഫെബ്രുവരി 1ന് ടി ഡി. ജോർജ്ജ് ആരോപണമുന്നയിച്ചത്. ജോർജ്ജ് ഹാജരാക്കിയ പട്ടികയിലെ വസ്തുതകൾ ഒന്നുംതന്നെ എം. ഏ. ജോൺ നിർവ്വാഹക സമിതി യോഗത്തിലോ, പിന്നീട് എപ്പോഴെങ്കിലുമോ നിഷേധിക്കുകയുണ്ടായില്ല. മാത്രമല്ല, ഇതു് സംബന്ധിച്ച് എം. എ. ജോൺ നൽകിയ വിശദീകരണം ഇതു് മാത്രമാണ്. "മുഴവൻ ഭൂമിയുടെയും സ്റ്റേററ്മെൻറ് കൊടുത്തിട്ടുണ്ട്" എന്ന മറുപടിയാണ് ജോൺ നൽകിയതു്. (ജനറൽ കൗൺസിൽ യോഗത്തിന്റെ മിനുട്ട്സ് പേജ് 134)

അതിനുമുമ്പ് ഫെബ്രുവരി 1ന് ചേർന്ന നിർവ്വാഹക സമിതി യോഗത്തിൽ എം. ഏ. ജോൺ തന്റെ കുടുംബസ്വത്ത് 1955ൽ ഭാഗം ചെയ്തതായി പറഞ്ഞിരുന്നു. എങ്കിലും കുടുംബത്തിന് മൊത്തം ഉള്ള സ്വത്തും, കുടുംബാംഗങ്ങളിൽ ഓരോരുത്തർക്കുമുള്ള സ്വത്തും സംബന്ധിച്ച് ടി. ഡി. ജോർജ്ജ് ഹാജരാക്കിയ കണക്കുകൾ ഒന്നുംതന്നെ നിഷേധിക്കുകയുണ്ടായില്ല. ഈ കണക്കുകൾ പൂർണ്ണമായി ശരിയാണെന്ന ധാരണയാണ് നിർവ്വാഹകസമിതി അംഗങ്ങൾക്ക് ജോൺതന്നെ നൽകിയതു്. അതുകൊണ്ട് ടി ഡി. ജോർജ്ജ് ഹാജരാക്കിയ പട്ടികയിലെ കണക്കുകളെ കമ്മീഷന്റെ നിഗമനങ്ങൾക്ക് ആധാരമാക്കാവുന്ന തെളിവായി സ്വീകരിക്കാൻ ഒട്ടും മടിക്കേണ്ടതില്ല.

കയ്യനാട്ടു് കരയിൽ 2691, 1484, 2692, 4412, 2693, 528, 1113, 2689, 1997, 4379, 1494, 3266, 2316, 4482 എന്നീ സർവ്വേ നമ്പരുകളിലായി കുടുംബാംഗങ്ങളുടെ പേരിൽ ഭാഗിച്ചുവെച്ചതായി 51.27 ഏക്കർ സ്ഥലവും കുടുംബ സ്വത്തായി തലയോലപ്പറമ്പിൽ 17 ഏക്കർ നിലവും ഉണ്ടെന്നാണ് കണക്കിൽ കാണുന്നതു്. മൊത്തം 68.27 ഏക്കർ സ്ഥലം കുടം

ബാംഗങ്ങൾക്കു് ഉണ്ടു്. ജോണിന്റെ ബന്ധുവായ ആരോ മുമ്പു് പ്രസിദ്ധീകരിച്ച ലഘുലേഖയിലെ കണക്കും ഇതും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടു്.

എം. ഏ. ജോണിന്റെ സ്വന്തം പേരിൽ 4.40 ഏക്കർ സ്ഥലമാണു് ഈ പട്ടിക അനുസരിച്ചുള്ള കണക്കിൽ ഉള്ളതു്. എന്നാൽ ഇതിനു് പുറമെ തന്റെ വീടു് നിൽക്കുന്ന സ്ഥലത്തിൽ മൂന്നേക്കർ സഹോദരിയുടെ പേരിൽ ഭാഗിച്ചു വെച്ചിട്ടുള്ളതാണെന്നു് എം.—ഏ ജോൺ നിർവ്വാഹകസമിതി യോഗത്തിൽ സമ്മതിക്കുകയുണ്ടായി. അപ്പോൾ എം. ഏ. ജോണിന്റെ കൈവശത്തിൽ 7 40 ഏക്കർ സ്ഥലം ഉണ്ടെന്നു് കാണുന്നു. കൂടാതെ പരിധി നിയമം ബാധകമാകുന്നതിനു് കുടുംബസ്വത്തായി നിലനിർത്തിയിരിക്കുന്ന ഭൂമിയിൽ അർഹമായ ഓഹരികളുടെ കണക്കാക്കേണ്ടതാണു്. തലയോലപ്പറമ്പിലെ 17 ഏക്കർ പാടത്തിനു് ക്രിസ്ത്യൻദായക്രമം അനുസരിച്ചു് ജോണും ജീവിച്ചിരിപ്പുള്ള മൂന്നു് സഹോദരന്മാരും മാത്രമാണു് അവകാശികൾ. തലയോലപ്പറമ്പിലെ പാടത്തിന്റെ നാലിലൊന്നു് എം. എ. ജോണിനു് അവകാശപ്പെട്ടതായി കരുതണം. ഇതു് കൂടെ ചേർക്കുമ്പോൾ സ്വന്തം പേരിലുള്ള 4.40 ഏക്കർ സ്ഥലം ഉൾപ്പെടെ (4.40 + 4.25) 8.65 ഏക്കർ സ്ഥലം എം. ഏ. ജോണിനു് സ്വന്തമായുണ്ടു്.

ഇതു് കൂടാതെ എം. ഏ. ജോണിന്റെ മൂത്തസഹോദരൻ പരേതനായ എം. ഏ. ജോസഫിന്റെ സ്വത്തിന്റെ ഓഹരികളുടെ ജോണിനും സഹോദരന്മാർക്കും അവകാശപ്പെട്ടതായുണ്ടു്. പരേതനായ എബ്രഹാം ജോസഫിന്റെ പേരിൽ 7.80 ഏക്കർ പറമ്പുണ്ടു്. അദ്ദേഹത്തിന്റെ വിധവക്കു് ക്രിസ്ത്യൻ ദായക്രമം അനുസരിച്ചു് അവകാശപ്പെട്ടതിൽ കവിഞ്ഞൊന്നും തന്നെ നൽകപ്പെട്ടിട്ടില്ലെന്നാണു് അന്വേഷണത്തിൽ അറിഞ്ഞതു്.

പരേതനായ സഹോദരന്റെ വിധവക്കു് എങ്ങിനെ ആയാലും മൂന്നിലൊന്നു് സ്വത്തിനു മാത്രമെ അവകാശമുള്ളു. അതുകൊണ്ടു് 2 60 ഏക്കർ സ്ഥലം വിധവയുടെ പേരിൽ കൊടുത്തതായി കരുതിയാൽപോലും പരേതനായ സഹോദരന്റെ ഭൂമിയുടെ (5.20 ഏക്കർ) നാലിലൊന്നു ഓഹരിയായ 1.30 ഏക്കർ സ്ഥലം ജോണിന്റെ പേരിൽ കണക്കാക്കണം. അപ്പോൾ (4. 40 + 4. 25 + 1.30) 9.95 ഏക്കർ സ്ഥലം എം. എ. ജോണിനു സ്വന്തമായി ഉള്ളതായി കരുതേണ്ടിയിരിക്കുന്നു. ഭൂപരിഷ്ക്കരണനിയമം അനുവദിക്കുന്നതിൽ കവിഞ്ഞതാണു് ഈ ഭൂസ്വത്തെന്നു് സ്വയം വ്യക്തമാണു്. അതിനാൽ എം. എ. ജോണിന്റെ പേരിൽ മിച്ചഭൂമിയുണ്ടെന്ന നിഗമനത്തിലാണു് കമ്മീഷൻ എത്തിച്ചേരുന്നതു്. കുടുംബസ്വത്തിൽ തനിക്കു് അവകാശപ്പെട്ട വീതം എം. ഏ. ജോൺ തന്റെ പേരിൽ ഭാഗിച്ചുവെച്ചിട്ടില്ലെന്നും വ്യക്തമാകുന്നു.

തന്റെ നേതൃത്വത്തിലാണു് കുടുംബസ്വത്തു ഭാഗിച്ചതെന്നു നിർവ്വാഹകസമിതി യോഗത്തിൽ എം. ഏ. ജോൺ പറഞ്ഞിരുന്നു. ഇതു് യഥാർത്ഥത്തിൽ ഓരോരുത്തർക്കും സ്വത്തു് വീതിച്ചു കൈവശം നൽകുന്നതിനുവേണ്ടി ചെയ്തിട്ടുള്ളതല്ല. താൻ താമസിക്കുന്ന എട്ടേക്കറിൽ തന്റെ വീടിരിക്കുന്ന മൂന്നേക്കർ സ്ഥലം സഹോദരിയുടെ പേരിലുള്ളതാണെന്നു എം. എ ജോൺ നിർവ്വാഹക സമിതി യോഗത്തിൽ സമ്മതിച്ചു. എന്നാൽ അതിനുമുമ്പുള്ള അവസരങ്ങളിൽ

ഈ ധാരണയല്ല അദ്ദേഹം നൽകിയിരുന്നതു്. കുടുംബക്കാരുടെ സ്വത്തുമായി തനിക്കു് ഒരു ബന്ധവുമില്ലെന്നു് ജോൺ കൂടെക്കൂടെ പറഞ്ഞിട്ടുണ്ടു്. ഇതിനും പുറമെ 1974 നവമ്പർ 20നു് തൊടുപുഴയിലെ പി. എം. രാധാകൃഷ്ണനു് ജോൺ സ്വന്തം കയ്പടയിൽ എഴുതിയ കത്തിൽ ''കഴിഞ്ഞവർഷം എനിക്കു് ആദായം ലഭിച്ച 20,000ക.യും വസ്തു വിററ 7,000 രൂപയും'' എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നശേഷം വസ്തു അന്യാധീനപ്പെടുത്തിയിട്ടുണ്ടു് എന്നാണു് ഇതിൻെറ അർത്ഥം. മിച്ചഭൂമിയുള്ള ഒരാൾ ഇങ്ങനെ ചെയ്തതു് നിയമത്തെ മറികടന്നു് മിച്ചഭൂമി മറവുചെയ്യാനുള്ള ശ്രമമാണെന്ന നിഗമനത്തിലാണു് കമ്മീഷനെ കൊണ്ടുചെന്നെത്തിക്കുന്നതു്.

അതേപോലെതന്നെ വളരെ വർഷംമുമ്പു് വിവാഹിതരായ സഹോദരിമാരുടെ പേരിൽ ഭൂമി കൈമാററം നടത്തുകയും അവരുടെ പേരിലുള്ള ഭൂമി സ്വന്തം കൈവശത്തിൽവെച്ചു് അനുഭവിക്കുകയും ചെയ്യുക എന്നതു് സ്വാഭാവികമല്ല. ക്രിസ്തീയദായക്രമം അനുസരിച്ചു്, വിവാഹിതരായ യുവതികൾക്കു് കുടുംബസ്വത്തിലുള്ള അവകാശം വളരെ പരിമിതമാണു്. ദൂരത്തു് താമസിക്കുന്ന സ്ത്രീകളുടെ പേരിൽ രേഖകളിൽമാത്രം സ്വത്തു് കൈമാററം ചെയ്തിരിക്കുന്നു എന്നതു് കുടുംബത്തിൻെറ മിച്ചഭൂമി മറവു് ചെയ്യാനുള്ള ശ്രമം അല്ലാതെ മറെറാന്നുമല്ല. കൈമാററം ചെയ്യപ്പെട്ടിരിക്കുന്ന ഈ സ്വത്തിൽ മൂന്നേക്കർ എം. എ. ജോണിൻെറ തന്നെ സ്വന്തം കൈവശത്തിലാണെന്നതു് ജോണിനു ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വത്തിനു് തെളിവാണു്. അതുകൊണ്ടു് കുടുംബസ്വത്തിലെ മിച്ചഭൂമി മറവുചെയ്യാനുള്ള ശ്രമത്തിനു് എം. എ. ജോൺ കൂട്ടുനിന്നിട്ടുണ്ടു്.

രണ്ടാമതായി, കമ്മീഷൻ പരിശോധിക്കേണ്ടതായ ആരോപണപ്രശ്നം ഇതാണു്. ആദായനികുതിയോ, കാർഷികാദായ നികുതിയോ കൊടുക്കാനുള്ള വരുമാനം എം. എ. ജോണിനു ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇതുവരെ ഈ നികുതികൾ കൊടുത്തിട്ടുണ്ടോ?

എല്ലാ വർഷവും എം. എ. ജോണിനു എത്രവീതം ആദായം ഉണ്ടായിട്ടുണ്ടു് എന്നതു സംബന്ധിച്ചുള്ള വ്യക്തമായ തെളിവുകൾ കമ്മീഷനു് ലഭിച്ചിട്ടില്ല. തനിക്കു് കുടുംബവുമായി പ്രത്യേക ബന്ധമൊന്നും ഇല്ലെന്നു്. അദ്ദേഹം പലതവണ പറഞ്ഞിട്ടുണ്ടെങ്കിലും കുടുംബസ്വത്തിൽനിന്നു 1969 വരെ അദ്ദേഹത്തിൻെറ ഇൻഷ്വറൻസ് പ്രീമിയം അടച്ചുവന്നിരുന്നു എന്നും അദ്ദേഹം സമ്മതിക്കുകയുണ്ടായി. കുടുംബസ്വത്തു് ഒന്നാകെയാണു് ഫലത്തിൽ അനുഭവിക്കുന്നതു് എന്നു സൂചിപ്പിക്കുന്ന ഒരു തെളിവുകൂടിയാണു് ഇതെന്നല്ലാതെ, കൃത്യമായി എം. എ. ജോണിനു എത്ര ആദായം ലഭിക്കുന്നു എന്നതിനു തെളിവൊന്നുമില്ല.

പക്ഷെ, സ്വന്തം കയ്യാൽ എം. എ ജോൺ എഴുതിയ ഒരു കത്തിൽ ഒരു വർഷത്തെ തൻെറ ആദായത്തെക്കുറിച്ചു് രേഖപ്പെടുത്തിയിട്ടുണ്ടു്. തൊടുപുഴയിലെ പി. എം. രാധാകൃഷ്ണനു് 1974 നവമ്പർ 20നു് എഴുതിയതാണു് ഈ കത്തു്. ''കഴിഞ്ഞ വർഷം എനിക്കു് ആദായം ലഭിച്ച 20,000ക.യും'' എന്നാ

ണ് ഇതു് സംബന്ധിച്ച് ഈ കത്തിൽ എഴുതിയിരിക്കുന്നതു്. അപ്പോഠം, ബന്ധപ്പെട്ട ആ വർഷത്തിൽ ആദായനികുതി നൽകത്തക്ക വരുമാനം എം. എ. ജോണിനു ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാകുന്നു. ഈ ആദായത്തിനു അനുസരിച്ച് നികുതി നൽകിയിട്ടുണ്ടോ എന്നു ഫെബ്രുവരി 29ന് ചേർന്ന ജനറൽ കൗൺസിൽ യോഗത്തിൽ എം. എ ജോണിനോട് നേരിട്ട് ചോദിക്കുകയുണ്ടായി. ഇതുവരെ ആദായനികുതി നൽകിയിട്ടില്ലെന്നും തന്നോട്ട് ചോദിച്ചിരുന്നു എങ്കിൽ അതു നൽകുമായിരുന്നു എന്നുമാണ് എം. എ. ജോൺ പറഞ്ഞതു്. ജനറൽ കൗൺസിൽ മുമ്പാകെ എം. എ. ജോൺ തന്നെ കാർഷികാദായനികുതി നൽകിയിട്ടില്ലെന്നു സമ്മതിച്ചിരിക്കെ കമ്മീഷൻെറ ജോലി വളരെ ലഘൂകരിക്കപ്പെട്ടിട്ടുണ്ട്. 1973-74 വർഷത്തിൽ എം. എ. ജോൺ തനിക്കു് ലഭിച്ച ആദായത്തിനു അനുസരിച്ച് നികുതി ഒന്നും നൽകിയിട്ടില്ല. മാത്രമല്ല, മുൻ വർഷങ്ങളിലും പിൻവർഷങ്ങളിലും ഏകദേശം ഇതേ വരുമാനം ഉണ്ടായിട്ടുണ്ടെന്നു് ന്യായമായും കരുതാവുന്നതാണ്. അതിനും നികുതി നൽകിയിട്ടില്ലെന്നാണ് ജോണിൻെറ പ്രസ്താവനയിൽനിന്നും മനസ്സിലാകുന്നതു്.

മൂന്നാമത്തെ ആരോപണപ്രശ്നം കർഷകത്തൊഴിലാളികഠംക്കു് നൽകുന്ന കൂലി സംബന്ധിച്ചാണ്. എം. എ. ജോണിൻെറ പേരിലോ ജോണിനു അവകാശപ്പെട്ടതോ ആയ ഭൂമിയിൽ പണി എടുക്കുന്ന കർഷകത്തൊഴിലാളികഠംക്കു് മിനിമം കൂലി നൽകിയിട്ടുണ്ടോ എന്നതാണ് ഈ പ്രശ്നം.

ജോണിൻെറതും ജോണിനു അവകാശപ്പെട്ടതുമായ ഭൂമിയിൽ പണിയെടുക്കുന്ന തൊഴിലാളികഠംക്കു് മിനിമം കൂലി നൽകുന്നില്ലെന്ന പരാതി ഉന്നയിച്ചതു് ഉത്തരവാദപ്പെട്ട പ്രവർത്തകരാണ്. കർഷകത്തൊഴിലാളി രംഗത്തു് പ്രവത്തിക്കുന്നവരുമാണ് ഇവർ. പക്ഷെ, ഏതെങ്കിലും കർഷകത്തൊഴിലാളിയിൽ നിന്ന് വ്യക്തവും രേഖാമൂലമായതുമായ പരാതിയൊന്നും കമ്മീഷൻ മുമ്പാകെ ഹാജരാക്കപ്പെട്ടിട്ടില്ല. അതിനാൽ കമ്മീഷൻ സ്വീകരിച്ചിട്ടുള്ള സമീപനമനുസരിച്ച് ഈ പ്രശ്നത്തിൽ കമ്മീഷനു ഒരു നിഗമനത്തിലും എത്തിച്ചേരാൻ ആവുകയില്ല.

നാലാമതു്, കമ്മീഷൻ പരിഗണിക്കേണ്ടതായ പ്രശ്നം എം. എ. ജോണിൻെറ പേരിൽ എൽ. ഐ. സി. പോളസി നിലവിലുണ്ടോ എന്നും 1969നു ശേഷം ലൈഫ് ഇൻഷൂറൻസ് പ്രീമിയം അടച്ചിട്ടുണ്ടോ എന്നും ആണ്. ഇതു സംബന്ധിച്ച് കമ്മീഷനു ലഭിച്ചിട്ടുള്ള രേഖാമൂലമായ തെളിവ് ജനറൽ കൗൺസിൽ യോഗത്തിൻെറ മിനുട്ട്സ് പുസ്തകത്തിലെ പ്രസക്തഭാഗം മാത്രമാണ്. "എൽ. ഐ. സി യിൽ പ്രീമിയം അടക്കുന്നതു് ആറേഴ് വർഷം മുമ്പെങ്കിലും നിന്നുപോയിരുന്നു. ചേരുന്ന സമയത്തു് സിദ്ധാന്തപരമായി അതിൽ എതിർപ്പില്ലായിരുന്നു. ഒരു ലോൺ എടുക്കുന്നതിനെപ്പററി അന്വേഷിച്ചപ്പോഠം ആണ് അതു നിന്നുപോയതായി അറിഞ്ഞതു്". ഇത്രയുമാണ് ഇതു സംബന്ധിച്ച് ജോൺ ജനറൽ കൗൺസിൽ യോഗത്തിൽ പറഞ്ഞതു്. തൻെറ വീട്ടുകാരാണ് 1969 വരെ പ്രീമിയം അടച്ചിരുന്നതെന്നു് ജോൺ പറഞ്ഞതു് സൂചിപ്പിക്കുന്നുണ്ട്.

ലോൺ എടുക്കാൻ ശ്രമിച്ചപ്പോൾ മാത്രമാണ് പ്രീമിയം അടക്കുന്നത് നിന്നുപോയതായി മനസ്സിലായതെന്നു പറയുമ്പോൾ എം. എ. ജോൺ സ്വയം ഇൻഷൂറൻസ് പോളിസി സറണ്ടർ ചെയ്തിട്ടില്ലെന്നു വ്യക്തമാകുന്നു. അതുകൊണ്ട് സാങ്കേതികാർത്ഥത്തിൽ മാത്രം എം. എ. ജോണിന്റെ പേരിൽ എൽ. ഐ സി. പോളിസി നിലവിലുണ്ടെന്ന് മാത്രമേ നിഗമനത്തിൻ എത്താവൂ.

1969നുശേഷം അദ്ദേഹത്തിന്റെ പ്രീമിയം അടച്ചിട്ടുണ്ടോ എന്നതിന് രേഖാമൂലമായ ഒരു തെളിവും കമ്മീഷൻ മുമ്പാകെ ഹാജരാക്കപ്പെട്ടിട്ടില്ല. ആ നിലക്ക് 1969നുശേഷം ജോണിന്റെ പ്രീമിയം അടച്ചിട്ടുണ്ടോ എന്നതിന് തെളിവില്ലെന്ന് മാത്രമേ കമ്മീഷന് പറയാനാകൂ. കാരണം, മിച്ചഭൂമി പ്രശ്നത്തിലും മററും കുടുംബസ്വത്തുമായി തനിക്ക് ബന്ധമില്ലെന്ന് ഉറപ്പിച്ചു പറയുന്ന ആൾ ഇൻഷൂറൻസ് പ്രീമിയം കുടുംബസ്വത്തിൽനിന്നു വീട്ടുകാർ അടച്ചുവന്നതായും പറയുമ്പോൾ സംശയകരമായ സ്ഥിതി ഉണ്ടാകുന്നു. അതിനാൽ 1969നുശേഷം പ്രീമിയം അടച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച് കമ്മീഷൻ വ്യക്തമായ ഒരു തീരുമാനത്തിലും എത്തിച്ചേരുന്നില്ല.

അഞ്ചാമതായി കമ്മീഷൻ പരിശോധിക്കേണ്ടിയിരിക്കുന്ന ആരോപണ പ്രശ്നം പാർട്ടിക്കുവേണ്ടി പിരിച്ച പണത്തെ പററി ഉള്ളതാണ്. പാർട്ടിക്കു വേണ്ടി എം. എ. ജോൺ പിരിച്ചു എന്ന് സ്വയം സമ്മതിച്ച 6200ക.യും അംഗത്വ വകയായി ജോണിനെ ഏൽപിച്ച 3693ക.യും കൃത്യമായ കണക്ക് ബോധിപ്പിച്ചിട്ടില്ലാത്ത സ്ഥിതിക്ക് പ്രസ്തുത തുക ദുരുപയോഗപ്പെടുത്തിയിട്ടുണ്ടോ എന്നതാണ് കമ്മീഷൻ അന്വേഷിക്കേണ്ടതു്.

'താൻ നേരിട്ട് 6,200ക. പിരിച്ചതായി ജോൺ പറഞ്ഞു' എന്നു ഫെബ്രുവരി 29-ാനു-യിലെ ജനറൽ കൗൺസിൽ യോഗത്തിന്റെ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമെ 1975 മെയ് 10ന് ചേർന്ന നിർവ്വാഹക സമിതി യോഗത്തിന്റെ മിനുട്ട്സിൽ 'നിർണ്ണയ' ത്തിന്റെ വരിസംഖ്യ ഉൾപ്പടെ അംഗങ്ങൾ നൽകിയ തുകക്ക് എം. എ. ജോണിന്റെ പേരിൽ എക്കൗണ്ട് തുടങ്ങണമെന്ന് നിശ്ചയിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ പ്രശ്നം സംബന്ധിച്ച അന്വേഷണത്തിനിടയിൽ ഇടുക്കി ജില്ലയിലെ ഒരു പരിവർത്തന വാദി പ്രവർത്തകനായിരുന്ന പി. എം. രാധാകൃഷ്ണൻ പ്രസക്തമായ ഒരു വിവരം നൽകുകയുണ്ടായി. തൊടുപുഴ മണ്ഡലം ഒരു നാടകം നടത്തി ഉണ്ടാക്കിയ 2000ക. എം. എ. ജോണിനെ ഏൽപ്പിച്ചിരുന്നു എന്ന വിവരമാണ് രാധാകൃഷ്ണൻ നൽകിയതു്. പക്ഷെ ഇതു് സംബന്ധിച്ച് മറെറാരു വിവരവും കമ്മീഷന് ലഭിക്കുകയുണ്ടായില്ല. മിനുട്ട്സ് പുസ്തകത്തിലോ കണക്കുകളിലോ ഇതേപ്പററി ഒന്നും രേഖപ്പെടുത്തിയിരിക്കുന്നതായും കാണുന്നില്ല.

സ്വയം പിരിച്ചു എന്ന് സമ്മതിച്ച 6,200ക.യുടെ കണക്ക് കമ്മററി മുമ്പാകെ എം. എ. ജോൺ ബോധിപ്പിച്ചിട്ടില്ല. സംസ്ഥാന കമ്മററി ഓഫീസിനു നൽകിയ വാടകക്ക് ഈ തുകയിൽ ഒരു ഭാഗം മുൻ പ്രസിഡണ്ട് എം .എ. ജോൺ ചെലവ് ചെയ്തതായി ഊഹിക്കാവുന്നതാണ്. പിരിക്കുന്ന പണത്തിനെല്ലാം രശീതു് നൽകണമെന്നും കണക്ക് വെക്കണമെന്നും സംസ്ഥാന

കമ്മിററി കീഴ്ഘടകങ്ങളെ കർശനമായി നിർബന്ധിച്ചിട്ടുണ്ടെന്നു് മിനുട്ട്സ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചർച്ചകളിൽനിന്നും പ്രകടമാകുന്നുണ്ട്. സംസ്ഥാന കമ്മിററിയിലെ അംഗങ്ങൾക്ക് വ്യക്തിപരമായിതന്നെ ഗണ്യമായ തുക 1975 ഫെബ്രുവരിയിൽ സംസ്ഥാന സമ്മേളനം നടത്തിയപ്പോൾ കടം ഉണ്ടായിട്ടുണ്ട്. എന്നാലും സമ്മേളനത്തിന്റെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിൽ സംസ്ഥാനക്കമ്മിററി നിഷ്കർഷിക്കുകയുണ്ടായി. അന്നത്തെ പ്രസിഡൻറ് എം. ഏ ജോൺതന്നെ ഇതു് സംബന്ധിച്ച് കർശനമായ നിലപാടാണ് കൈക്കൊണ്ടിട്ടുള്ളതു്. ഇങ്ങനെയിരിക്കെ ജോൺ സ്വയം പിരിച്ച തുകയ്ക്കു് കണക്ക് സമർപ്പിക്കാതിരിക്കുകയും സംസ്ഥാനക്കമ്മിററി അംഗങ്ങളെപ്പോലും ഇക്കാര്യത്തിൽ അജ്ഞരാക്കിവിടുകയും ചെയ്തതു് ഗുരുതരമായ ഉത്തരവാദിത്വരാഹിത്യം ആണെന്നു് തീർച്ച എന്നുവെച്ച് ഈ 6,200ക. ദുരുപയോഗം ചെയ്തു എന്ന് പറയാൻ തക്ക തെളിവില്ല. പക്ഷെ, ജോൺ സംബന്ധിച്ച മിക്ക യോഗങ്ങൾക്കും അതാതു് കമ്മിററികൾ യാത്രപ്പടി നൽകിയതായി കാണുന്നതുകൊണ്ട് താൻ പിരിച്ച തുകയിൽ സംസ്ഥാനക്കമ്മിററി ഓഫീസിന്റെ വാടകയ്ക്കു് വന്ന ചെലവ് (മാസംതോറം 90ക.) കഴിച്ച് ബാക്കി തുക എങ്ങിനെ ചെലവിട്ടു എന്നതു് ദുരൂഹമായിരിക്കുന്നു.

'നിർണ്ണയ'ത്തിന്റെ വരിസംഖ്യയും അംഗത്വവരിയും ആയി ലഭിച്ച 3693ക.യുടെ കണക്കാണ് പിന്നീട് പരിഗണിക്കേണ്ട പ്രശ്നം. ഈ തുകയ്ക്കു് ജോണിന്റെ പേരിൽ ബാങ്ക് എക്കൌണ്ട് തുടങ്ങാനുള്ള തീരുമാനം നടപ്പിലാക്കിയതായി കാണുന്നില്ല. പക്ഷെ, നിർവ്വാഹകസമിതി ഈ തീരുമാനമെടുത്തു് ഒന്നരമാസത്തിനുള്ളിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയുണ്ടായി. 1975 ജൂലായ് 21-ന് ജോണിനെതിരായി എറണാകുളം ഒന്നാംക്ലാസ്സ് ജൂഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽനിന്നും വാറണ്ട് പുറപ്പെടുവിക്കുകയും ചെയ്തു.

ഈ ദിവസങ്ങളിൽതന്നെ എം. ഏ. ജോണിനെതിരായി ചില ആരോപണങ്ങളെ സംബന്ധിച്ചും പാർട്ടി പ്രവർത്തകർക്കിടയിൽ സംസാരമുണ്ടായിരുന്നു. അതേ തുടന്ന് ഒരു പ്രസിഡന്റ് നിർവ്വഹിക്കേണ്ട ഉത്തരവാദിത്വത്തിൽനിന്നു് ജോൺ മാറി നിൽക്കുകയും പാർട്ടിയുടെ സാധാരണ ഗതിയിലുള്ള പ്രവർത്തനങ്ങളുമായി നിസ്സഹകരിക്കുകയുമാണ് ചെയ്തതു്. പിന്നീട് '76 ജനുവരി 31-ാം തീയതിയിലും ഫെബ്രുവരി 1-ാം തീയതിയിലും ചേന്ന നിർവ്വാഹക സമിതി യോഗത്തിലാണ് അദ്ദേഹം സംബന്ധിക്കുന്നതു്. വരിസംഖ്യ വകയിൽ ലഭിച്ച തുക പുതിയ സംസ്ഥാന നിർവ്വാഹക സമിതിയെ ഏല്പിക്കുകയില്ലന്നോ ആ തുക തന്റെ കൈവശം ഇല്ലന്നോ ജോൺ പറഞ്ഞിട്ടില്ല.

ഇതിനിടയിൽ ജൂലൈ 4-ാം തീയതി ജോൺ സ്വന്തം കയ്പടയിൽ എഴുതിയ കുറിപ്പിൽ തന്റെ സഹോദരൻ സണ്ണിച്ചനെ 1300 ക. ഏല്പിച്ചതായി പറയുന്നുണ്ട്. ഈ തുകയിൽനിന്നു് പ്രതിമാസം 500ക.വെച്ച് പാർട്ടിക്ക് മേടിക്കാവുന്നതാണെന്നും ജോൺ ഈ കുറിപ്പിൽ നിർദ്ദേശിച്ചിരുന്നു.

ജോണിന്റെ ഈ നിർദ്ദേശത്തെപ്പററി 1976 ജനുവരി 18ന് ചേന്ന നിർവ്വാഹക സമിതി യോഗം ചർച്ചചെയ്തു. "ജോണിനെ കണ്ടു് ചർച്ചചെയ്ത

കാര്യം ഒ. എം. എം. ഇബ്രാഹിം പറഞ്ഞു. തൽക്കാലം ജോൺ വാഗ്ദാനംചെയ്ത പണം കിട്ടാൻ മാർഗ്ഗമില്ലെന്ന മനസ്സിലാക്കി'' (ജനുവരി 18-ാംനു-യിലെ മിനുട്ട്സ്)

അംഗത്വ വരിവകയിൽ ലഭിച്ച തുകയിലെ ഒരു ഭാഗം സഹോദരനെ ഏല്പിച്ചിരുന്നുവെന്നും ആ പണം പാർട്ടി പ്രവർത്തനത്തിന് നൽകണമെന്ന് ജോൺ നിർദ്ദേശിച്ചിരുന്നുവെന്നും വ്യക്തമാകുന്നുണ്ട്. പക്ഷെ, നിർവ്വാഹക സമിതി നിർദ്ദേശിച്ചതുപോലെ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല. പ്രസ്തുത തുകയുടെ ഗണ്യമായ ഭാഗം ജോണിന്റെയും സഹോദരന്റെയും കയ്യിൽ ഉണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. ഈ തുക ഇനിയെങ്കിലും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കമ്മിററിയെ ജോൺ തിരിച്ചേല്പിക്കുമെന്ന പ്രതീക്ഷ ഇവിടെ പ്രകടിപ്പിക്കുന്നതല്ലാതെ അതു ജോൺ ദുരുപയോഗപ്പെടുത്തിയോ എന്നതിനെ സംബന്ധിച്ച് കമ്മീഷൻ അഭിപ്രായമൊന്നും പറയുന്നില്ല

ആറാമതായി കമ്മീഷൻ തീരുമാനത്തിലെത്തേണ്ടതായ ആരോപണ പ്രശ്നം ഇതാണ്. പരിവർത്തനവാദി പ്രവർത്തകർക്കും ഭാരവാഹികൾക്കും എതിരെ ജോൺ മനഃപൂർവ്വം വ്യാജപ്രചരണം നടത്തിയിട്ടുണ്ടോ എന്നതാണ് പ്രശ്നം. ഇതു സംബന്ധിച്ച് വളരെയധികം പ്രവർത്തകർ കമ്മീഷനംഗങ്ങളോട് സംസാരിക്കുകയുണ്ടായി. ജെയിലിൽ കിടന്ന സഹപ്രവർത്തകരെക്കുറിച്ച് അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ പലതും ജോൺ പറഞ്ഞതായി പലരും പരാതിപ്പെട്ടു. ഫെബ്രുവരി 29ന് ചേർന്ന ജനറൽ കൗൺസിൽ യോഗത്തിൽ ജോൺ സഹപ്രവർത്തകർക്കെതിരായി പല ആക്ഷേപങ്ങളും ഉന്നയിച്ചതായി ചൂണ്ടിക്കാട്ടി. തന്റെ സുദീർഘമായ പ്രസംഗത്തിൽ ഇതൊന്നും നിഷേധിക്കുകയും ചെയ്തില്ല.

ഓരോ പ്രവർത്തകനെപ്പററിയും പ്രശംസിച്ചുകൊണ്ട് എഴുതിയിട്ടുള്ള ജോൺ തന്നെ പിന്നീട് അവരെപ്പററി ആക്ഷേപിക്കുകയാണ് ചെയ്തുകാണുന്നത്. സ്വഭാവശുദ്ധിയെക്കുറിച്ച് ആക്ഷേപിക്കപ്പെട്ടയാളെതന്നെ പിന്നീട് ഭാരവാഹിയാക്കണമെന്നും ജോൺ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ പ്രശ്നത്തെ പരിവർത്തനവാദികൾ അംഗീകരിച്ചിട്ടുള്ള വിശാലമായ ജനാധിപത്യ തത്വങ്ങളുടെയും സ്വയം സ്വീകരിച്ചിട്ടുള്ള അച്ചടക്ക സംഹിതയുടെയും പശ്ചാത്തലത്തിൽ വേണം വിലയിരുത്തുവാൻ. അങ്ങിനെ വിലയിരുത്തുമ്പോൾ നേതൃസ്ഥാനത്തിരിക്കുന്ന ഒരാൾക്ക് അനുയോജ്യമായ രീതിയിൽ അല്ല ജോൺ പെരുമാറിയതെന്ന് പറയേണ്ടി വരുമെന്നല്ലാതെ രേഖാമൂലമായ വ്യക്തമായ തെളിവുകൾ ഹാജരാക്കാത്തിടത്തോളം മനഃപൂർവ്വം സഹപ്രവർത്തകർക്കെതിരെ വ്യാജപ്രചരണം നടത്തിയോ എന്നതു സംബന്ധിച്ച് കമ്മീഷൻ അഭിപ്രായമൊന്നും പറയുന്നില്ല.

ഉൾപാർട്ടി ജനാധിപത്യം മാനിക്കാതിരിക്കുകയും ഏകാധിപത്യപ്രവണത പ്രകടമാക്കികൊണ്ട് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടോ എന്നതാണ് കമ്മീഷൻ പരിശോധിക്കേണ്ട ഏഴാമത്തെ പ്രശ്നം. തന്നെ വിമർശിച്ച ആരെയും നിർവ്വാഹക സമിതിയിൽ ഉൾപ്പെടുത്തരുതെന്ന് ജോൺ നിർബന്ധിച്ചതായി ആക്ഷേപമുണ്ട്. മാത്രമല്ല, ഏതു സ്ഥാനത്തേക്കും തെരഞ്ഞെടുക്കപ്പെടാൻ

ഭരണഘടനാനുസൃതം പ്രവർത്തകർക്കുള്ള അവകാശത്തെ തടഞ്ഞു നിർത്തുന്നതിനു വേണ്ടി തനിക്കിഷ്ടപ്പെടാത്ത ആരെങ്കിലും മത്സരിക്കുന്നപക്ഷം പാർട്ടിയിൽ തുടരുകയില്ലെന്ന് ജോൺ പ്രസ്താവിച്ചുവെന്ന് പരാതിയുണ്ട്. ഇതു സംബന്ധിച്ച് തെളിവ് രേഖയായി ഒരു കത്ത് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. നിർവ്വാഹക സമിതി തീരുമാനമനുസരിച്ച് ഫെബ്രുവരി 15-ാം തീയതി നടന്ന ചർച്ചകൾക്കിടയിൽ ജോൺ അവലംബിച്ച നിലപാടിലേക്ക് വെളിച്ചം വീശുന്ന ഈ കത്ത് ഫെബ്രുവരി 18-ാം തീയതി കെ. പി. സുദർശനൻ എഴുതിയിട്ടുള്ളതാണ്. അന്നത്തെ ചർച്ചകളിൽ സുദർശനൻ സംബന്ധിച്ചിരുന്നു "നമുക്ക് രണ്ടായിട്ട്തന്നെ നീങ്ങാം" എന്ന് പാർട്ടി വൈസ് പ്രസിഡണ്ടിനോട് ജോൺ പറഞ്ഞുവെന്ന് സുദർശനൻ വേദനയോടെ എഴുതിയിരിക്കുന്നു. ഒരു മുൻവിധിയും കൂടാതെ ഫെബ്രുവരി 15ന് നടന്ന സംഭവങ്ങളെക്കുറിച്ച് 18-ാം തീയതി സുദർശനൻ എഴുതിയ ഈ കത്തിനെമാത്രം ആശ്രയിച്ച് കമ്മീഷൻ നിഗമനത്തിൽ എത്തുന്നില്ല എന്നാൽ, ഈ കത്തിലെ വിവരണം പൂർണ്ണമായി ശരിവെക്കുന്ന തരത്തിൽ ജോൺതന്നെ മറെറാരു പ്രവർത്തകനായ എം. കെ. കുഞ്ഞിപ്പാലുവിന് എഴുതിയ കത്തിന് ഗണ്യമായ പ്രാധാന്യമുണ്ട്. "പരസ്പര വിശ്വാസം നഷ്ടപ്പെട്ടു കഴിഞ്ഞു. യോജിച്ചു പ്രവർത്തിക്കുവാൻ ഇനി സാധിക്കുമെന്നു തോന്നുന്നില്ല" എന്ന് സ്വന്തം കയ്യക്ഷരത്തിൽ ജോൺ എഴുതിയിരിക്കുന്നു. സഹപ്രവർത്തകരെ തന്നിഷ്ടപടി പുറം തള്ളുന്നില്ലെങ്കിൽ യോജിച്ച് പ്രവർത്തനം നടത്തുകയില്ലെന്ന് ജോൺ ശഠിച്ചതായി ഈ രണ്ടു കത്തുകളിൽനിന്ന് വ്യക്തമാകുന്നു. തികഞ്ഞ ഏകാധിപത്യ പ്രവണതയാണ് ജോൺ പ്രകടിപ്പിച്ചതെന്ന് കമ്മീഷൻ കുററപ്പെടുത്തുന്നു.

അവസാനമായി കമ്മീഷൻ മുമ്പാകെ ഉന്നയിക്കപ്പെട്ടിരിക്കുന്ന ആരോപണപ്രശ്നമിതാണ്. "പരിവർത്തന വാദികളുടെ നേതാവായിരിക്കെ പരിവർത്തനവാദികൾക്ക് ആകമാനം യശസ്സിന് കോട്ടംതട്ടാനിടയാക്കിയ രീതിയിൽ പ്രവർത്തിക്കുകയോ അത്തരത്തിൽ എന്തെങ്കിലും വാർത്ത പ്രചരിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ?

ഈ ആരോപണ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട മൂന്നു തെളിവുരേഖകൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുണ്ട്. 1974 നവമ്പർ 19-ാം തീയതി വി. രാമചന്ദ്രനും 1974 നവമ്പർ 20-ാംതീയതി പി. എം. രാധാകൃഷ്ണനും എം. എ. ജോൺ സ്വന്തം കയ്യക്ഷരത്തിൽ എഴുതിയിട്ടുള്ള കത്തുകൾ ഇവയിൽ ഉൾപ്പെടുന്നു. രാമചന്ദ്രന് എഴുതിയ കത്തിൽ ജോൺ ഇങ്ങിനെ എഴുതിയിരിക്കുന്നു "എനിക്കുണ്ടായ ഈ നിസ്സഹായ ബോധമായിരിക്കും കുറെ ദിവസങ്ങളായിട്ട് —— ലേക്ക് എന്നെ അടുപ്പിച്ചിട്ടുണ്ട്.........ഇന്നു ഞാൻ അവരെ സ്നേഹിക്കുന്നു, അവരെന്നെയും. എനിക്ക് കുറെദിവസങ്ങളായി ഉണ്ടായ നിസ്സഹായ ബോധം ഒരു ഊന്നുവടി എന്നപോലെ ഈ ബന്ധത്തെ കയറിപ്പിടിക്കാൻ പ്രേരിപ്പിച്ചു എന്നു തോന്നുന്നു."

ഇതിനും പുറമെ നവമ്പർ 20-ാം തീയതി രാധാകൃഷ്ണന് എഴുതിയ കത്തിലും ഈ പ്രണയബന്ധത്തെക്കുറിച്ച് പരാമർശമുണ്ട്. കോട്ടയം ജില്ലയിലെ

ചില പ്രവത്തകർ ഈ ബന്ധത്തെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചപ്പോഠം തനിക്ക് ഇങ്ങിനെയൊരു ബന്ധമുണ്ടെന്ന കാര്യം ജോൺ നിഷേധിക്കുകയാണ് ചെയ്തതു്. ഒരു സഹപ്രവത്തകയുമായുള്ള ഈ ബന്ധത്തെപ്പററി അദ്ദേഹം തുറന്നു പറഞ്ഞിരുന്നുവെങ്കിൽ ആരുടെയും ആക്ഷേപം ഉണ്ടാകുമായിരുന്നില്ല സ്വയം അവകാശപ്പെട്ടിരുന്ന ബ്രഹ്മചര്യനിഷ്ഠ ജോണിനു് കഴിഞ്ഞിട്ടില്ലെന്നു് മാത്രമെ ഈ പ്രണയബന്ധം സൂചിപ്പിക്കുന്നുള്ളു. ഏതെങ്കിലും തരത്തിൽ പരിവത്തനവാദികളുടെ യശസ്സിനു് കോട്ടം തട്ടിക്കുവാൻ ഇടയാക്കിയിട്ടുണ്ടെന്നു് പറയുക വയ്യ.

1976 ഫെബ്രുവരി 22-ാംതീയതി ജോണിന്റെ സഹോദരൻ തങ്കച്ച (ജോർജ്ജ്)ന്റെ വിവാഹത്തിനു് അച്ചടിച്ച ക്ഷണക്കത്തു് ആണ് ജോണിനെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള എട്ടാമത്തെ ആരോപണത്തിനു് തെളിവായി ഹാജരാക്കപ്പെട്ടിട്ടുള്ള ഒരു രേഖ. കുരുനാട്ട് കത്തോലിക്കാപ്പള്ളിയിൽവെച്ചാണു് ഈ വിവാഹം നടന്നതു്. വിവാഹത്തിനു് ഉപചാരപൂർവ്വം ക്ഷണിച്ചവരുടെ കൂട്ടത്തിൽ ജോണിന്റെ പേരും ക്ഷണകത്തിൽ അടിച്ചിട്ടുണ്ട്. മതസ്ഥാപനങ്ങളുമായി ബന്ധപ്പെടുന്ന ചടങ്ങുകളിൽ പാർട്ടിയുടെ ഉത്തരവാദപ്പെട്ട പ്രവർത്തകർ ഭാഗവാക്കുകളാകരുതെന്ന ഒരു പെരുമാററരീതി പരിവർത്തനവാദികഠം സാമാന്യേന സ്വീകരിച്ചിട്ടുണ്ട്. ജാതിമതഭിന്നതകളിൽനിന്നു് വിമുക്തമായ ഒരു സ്വതന്ത്ര സമൂഹത്തിന്റെ സൃഷ്ടി തങ്ങളുടെ ലക്ഷ്യമാണെന്നു് പരസ്യമായി പ്രസ്താവിക്കുന്ന ഏക രാഷ്ട്രീയ കക്ഷിയാണ് കോൺഗ്രസ്സ് പരിവർത്തനവാദികളുടേതു്. അതുകൊണ്ടുതന്നെ സാമൂഹ്യചടങ്ങുകളിൽ മതസ്ഥാപനത്തിന്റെയോ പൌരോഹിത്യത്തിന്റെയോ ഇടപെടലുകളെ ബോധപൂർവ്വം നിരുത്സാഹപ്പെടുത്താനാണ് ഈ പെരുമാററരീതി സ്വീകരിച്ചിട്ടുള്ളതു്. മതേതരത്വം എന്നതുകൊണ്ടു് മതപ്രോത്സാഹനത്തെ ആണ് അത്ഥമാക്കുന്നതെന്ന രീതിയിൽ എല്ലാ രാഷ്ട്രീയ കക്ഷികളും പെരുമാറുന്ന ഒരു സാഹചര്യമാണ് നമ്മുടെ രാജ്യത്തുള്ളതു്. ഏററവും ചുരുങ്ങിയതു് മതവിശ്വാസംവെച്ചു പുലർത്തുന്നവർക്കും മതവിശ്വാസങ്ങഠംക്ക് എതിരായവർക്കും ഒരേപോലെ സ്ഥാനം ലഭിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമമെങ്കിലും നടത്തേണ്ടിയിരിക്കുന്നു. ആവഴിക്കുള്ള ഒരു ശ്രമമാണ് ഉത്തരവാദപ്പെട്ട പരിവർത്തനവാദി പ്രവർത്തകർ സ്വീകരിച്ചിട്ടുള്ള പെരുമാററരീതി. ആ നിലക്ക് പരിവർത്തനവാദികളുടെ പ്രസിഡണ്ടു് സ്ഥാനത്തിരിക്കുന്ന ജോൺ ആക്ഷേപാർഹമായ രീതിയിൽ ക്ഷണക്കത്തു അച്ചടിപ്പിച്ചതു് ഒഴിവാക്കേണ്ടതായിരുന്നു. പക്ഷെ, അങ്ങിനെയുള്ള ക്ഷണക്കത്തു് മററുള്ളവരുടെ മുമ്പിൽ പരിവർത്തനവാദികളുടെ യശസ്സിനു് കോട്ടം വരുത്തിയെന്നു് സ്ഥാപിക്കത്തക്ക തെളിവൊന്നും കമ്മീഷൻമുമ്പാകെയില്ല.

ഇനി, പരിവത്തനവാദികളുടെ യശസ്സിനു് കോട്ടം തട്ടാനിടയാക്കുന്ന വ്യാജപ്രചരണം നടത്തിയിട്ടുണ്ടോയെന്നാണ് കമ്മീഷൻ പരിശോധിക്കേണ്ടതു്. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം പ്രസക്തമായ തെളിവു് ജോൺ കോട്ടയത്തു നടത്തിയ പത്രസമ്മേളനത്തിന്റെ റിപ്പോർട്ടാണ്. മിക്കവാറും എല്ലാ പത്രങ്ങളിലും (1976 മാർച്ച് 9) ഒരേ രീതിയിലുള്ള

റിപ്പോർട്ടു വന്നിരുന്നു. "ഇന്നത്തെ രാഷ്ട്രീയ പരിതസ്ഥിതിയിൽ മാററമോ പുതിയ രാഷ്ട്രീയ ലൈൻ എടുക്കേണ്ടതായ സാഹചര്യമോ ഉണ്ടായാൽ താൻ വീണ്ടും രാഷ്ട്രീയത്തിലേക്കു് വരുമെന്നു് ജോൺ പറഞ്ഞു. എസ്. കെ. മാധവൻ പ്രസിഡണ്ടായിരുപീകൃതമായിട്ടുള്ള പരിവത്തനവാദി കേന്ദ്ര സംഘടനയുമായി തൻെറ നേതൃത്വത്തിലുള്ള പരിവത്തനവാദികൾക്കു് യാതൊരുബന്ധവുമില്ലെന്നു്" ജോൺ വ്യക്തമാക്കി. മാതൃഭൂമിയിൽ മാർച്ച് 9നു് പ്രസിദ്ധപ്പെടുത്തിയതാണീ റിപ്പോർട്ടു്. അതിനും പുറമെ എസ്. കെ. മാധവനെ പ്രസിഡണ്ടായി തെരഞ്ഞെടുത്തതു് അധാർമ്മികമാണെന്നാണു് "എം. എ. ജോൺ രാഷ്ട്രീയം ഉപേക്ഷിക്കുന്നു" എന്നു തലക്കെട്ടിൽ 'മാതൃഭൂമി' പത്രസമ്മേളനം റിപ്പോർട്ടു് ചെയ്തതു്. അടിയന്തിരാവസ്ഥയിൽ രാഷ്ട്രീയം ഉപേക്ഷിക്കുന്നുവെന്നും അനുകൂല സാഹചര്യത്തിൽ വീണ്ടും രാഷ്ട്രീയത്തിൽ വരുമെന്നു് പ്രഖ്യാപിക്കുന്നതു് മററെന്തിലുമുപരി ഒരു രാഷ്ട്രീയ പ്രവത്തകനു് സ്വന്തം യശസ്സിനാണു് ഇടിവുണ്ടാക്കുന്നതു്. ഇങ്ങിനെയുള്ള ഒരു രാഷ്ട്രീയ പ്രവത്തകൻ എസ്. കെ. മാധവനെ പ്രസിഡണ്ടായി തെരഞ്ഞെടുത്തതു് അധാർമ്മികമായിപ്പോയിഎന്നു് ആരോപിക്കുമ്പോൾ വിവേചനാശീലമുള്ള ആളുകളുടെ ദൃഷ്ടി സ്വയം പരിഹാസ്യനാവുകയേയുള്ളു. നിർവ്വാഹക സമിതി യോഗത്തിൽ സംബന്ധിച്ചു് ജനറൽ കൗൺസിൽ അംഗങ്ങളായി നോമിനേററു് ചെയ്യപ്പെടേണ്ടവരുടെ പേരു് നിർദ്ദേശിക്കുകയും പിറെറ ദിവസം പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കാൻ ചേന്ന ജനറൽ കൗൺസിൽ യോഗത്തിൽ ഹാജരാകുകയും മിനുട്ട്സ് പുസ്തകത്തിൽ ഒപ്പുവെക്കുകയും പ്രസിഡണ്ടു് സ്ഥാനത്തേക്കു് എസ്. കെ. മാധവനെ നാമനിർദ്ദേശം ചെയ്തപ്പോൾ ആദ്യം പിന്തുണ പ്രഖ്യാപിക്കുകയും ചെയ്ത ആളാണു് എം. എ. ജോൺ. മാനസികമായ സമനിലതെററിയ ഒരാളെപ്പോലെ പരസ്പര ബന്ധമില്ലാത്ത പത്രപ്രസ്താവനയാണു് ജോൺ നടത്തിയതു്. സ്വയം രാഷ്ട്രീയം ഉപേക്ഷിച്ചുഎന്നു് കൂടെഅദ്ദേഹം പ്രസ്താവിച്ചപ്പോൾ അതു് നന്നായിഎന്നതോന്നൽ മാത്രമേ മററുള്ളവർക്കു് ഉണ്ടായിട്ടുണ്ടാകാൻ ഇടയുള്ളു. തെരഞ്ഞെടുപ്പു് അധാർമ്മികമായിപ്പോയി എന്നദ്ദേഹം പ്രസ്താവിച്ചതു് സ്വയം പരിഹാസ്യനാക്കാൻ മാത്രം ഇടയാക്കുന്നതാണെങ്കിലും കൃത്യമായി പറഞ്ഞാൽ ജോൺ വ്യാജപ്രചരണം നടത്തി എന്ന നിഗമനത്തിൽ എത്താതിരിക്കാൻ കമ്മീഷനു് നിർവ്വാഹമില്ല.

പരിവത്തനവാദികൾ സ്വീകരിച്ചിട്ടുള്ള ഏററവും ഉദാരവും വിശാലവുമായ ജനാധിപത്യ തത്വങ്ങളാണു് കമ്മീഷൻ ഈ റിപ്പോർട്ടു് തയ്യാറാക്കുന്നതിൽ അവലംബിച്ചിട്ടുള്ളതു്. ഇതുകൊണ്ടാണു്, ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്ന പല പ്രവത്തകരും വളരെ ക്ലേശങ്ങൾ സഹിച്ചു് കമ്മീഷൻ മുമ്പാകെ ഹാജരായി നൽകിയ മൊഴികളെ എതിർ വിസ്താരത്തിലൂടെ പരിശോധിക്കാതെ സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നു് കമ്മീഷൻ തീരുമാനിച്ചതു് അനാവശ്യമായി പ്രവത്തകർക്കുണ്ടായ ഈ ക്ലേശത്തിനു് കമ്മീഷൻ ക്ഷമ ചോദിക്കുന്നു.

വി. രാമചന്ദ്രൻ, കൺവീനർ (ഒപ്പ്)
കെ. പി. സുദർശനൻ, അംഗം (ഒപ്പ്)
കെ. എസ്. ഭാസ്കരൻ, അംഗം (ഒപ്പ്)

വി. രാമചന്ദ്രൻ,

കൺവീനർ,

അന്വേഷണ കമ്മീഷൻ.

ആരോഗ്യപരമായ കാരണങ്ങളാലുണ്ടായ വ്യക്തിപരമായ അസൗകര്യങ്ങൾ കമ്മീഷന്റെ പ്രവർത്തനത്തിനു് കാലതാമസമുണ്ടാക്കിയിട്ടുണ്ടു്. അന്വേഷണ കമ്മീഷന്റെ കൺവീനർ സ്ഥാനം ഞാൻ ഏറ്റെടുക്കുന്നുവെങ്കിൽ മാത്രമേ തനിക്കു് നീതി ലഭിക്കുകയുള്ളുവെന്നു്, എം. എ. ജോൺ പറഞ്ഞതായി പല സഹപ്രവർത്തകരും അറിയിച്ചതുകൊണ്ടുമാത്രമാണു് ഞാൻ കമ്മീഷനിൽ അംഗമായതും കൺവീനർ സ്ഥാനം സ്വീകരിച്ചതും. റിപ്പോർട്ടു് തയ്യാറാക്കുന്നതിൽ വന്ന കാലതാമസത്തെ സഹപ്രവർത്തകരും നിർവ്വാഹക സമിതിയും പൊറുക്കണമെന്നപേക്ഷിക്കുന്നു.

വിധേയൻ,<br>
(ഒപ്പ്)<br>
വി. രാമചന്ദ്രൻ

കൊച്ചി-11,<br>
1-10-1976.

---

ഗോപാലകൃഷ്ണാ പ്രിന്റിംഗ് വർക്ക്സ്, എറണാകുളം.